**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 972** **11-02-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച് ഇനം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ; | (എ) | വന്യമൃഗങ്ങൾ മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് ലെ മാർഗ്ഗനിർദ്ദേശവും തുടർന്നുള്ള സർക്കാർ ഉത്തരവുകൾ പ്രകാരവും ആകുന്നു. ടി ഉത്തരവുകൾ പ്രകാരം വന്യജീവി ആക്രമണത്തിൽസ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപയും പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക, പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനായും അനുവദിച്ചു നൽകുന്നു. |
| (ബി) | ഇത്തരത്തിൽ നഷ്ടപരിഹാരം നൽകുന്നതിന്റെ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | വന്യജീവികളുടെ ആക്രമണത്തിൽ പരിക്കുപറ്റുന്ന വ്യക്തികൾ e-district portal വഴി മൂന്നു മാസത്തിനകം ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന് അപേക്ഷ സമർപ്പിക്കേണ്ടതാകുന്നു. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ/ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ പരിശോധിച്ച് അർഹമായ തുക അനുവദിക്കുന്നതിനുള്ള ശുപാർശ അടക്കം തുടർനടപടികൾക്കായി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ്‌ലൈഫ് വാർഡന് സമർപ്പിക്കുകയും അർഹമായ തുക ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ അനുവദിച്ച് പരിക്കേറ്റ വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലൂടെ നൽകിവരുന്നു . |

സെക്ഷൻ ഓഫീസർ